ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE: 29.03.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) അടിസ്ഥാന സൗകര്യം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ കാലാവസ്ഥാ സൗഹൃദവും ഊർജ്ജ കാര്യക്ഷമവും ആക്കണമെന്ന് രാഷ്ട്രപതി ദ്രൗപദിമുർമു.

**President Droupadi Murmu emphasizes that infrastructure and construction projects should be made climate-friendly and energy-efficient.**

2) കേരളമുൾപ്പെടെ രണ്ടാംഘട്ട തെരഞ്ഞെടുപ്പുനടക്കുന്ന സംസ്ഥാനങ്ങളിൽ പത്രികാസമർപ്പണം പുരോഗമിക്കുന്നു. കേരളത്തിൽ ആദ്യ ദിനം 14 പേർ പത്രിക നൽകി.

**The notification for the second phase of Lok Sabha elections has been issued yesterday.In Kerala, on the first day of filing nomination papers, 14 candidates have filed their nomination.**

3) പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി സിദ്ധാർത്ഥിന്റെ മരണം അന്വേഷിക്കാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രണ്ടംഗ കമ്മീഷനെ നിയോഗിച്ചു.

**Governor Arif Muhammad Khan appointed a two-member commission to investigate the death of Siddharth, a student of Pookod Veterinary College.**

4) കുരിശുമരണത്തിൻറെ ത്യാഗസ്മരണ ഉണർത്തുന്ന ദുഃഖവെള്ളി ഇന്ന്. പള്ളികളിൽ കുരിശിൻറെ വഴി പ്രയാണവും പ്രത്യേക പ്രാർഥനയുംനടക്കുന്നു.

**Today is Good Friday, which commemorates the sacrifice of the crucifixion. The Way of the Cross and special prayers are held in the churches.**

5) ബെംഗളൂരുവിലെ രാമേശ്വരം കഫേ സ്ഫോടനത്തിൻറെ മുഖ്യ സൂത്രധാരനെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു.

**The National Investigation Agency (NIA) has arrested a key conspirator in the Bengaluru's Rameshwaram Café blast case.**

6) ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

**In IPL cricket, Rajasthan Royals defeated Delhi Capitals by 12 runs.**

.

*******************************************

# HEADLINE – 1

## PREZ – INFRASTRUCTURE

അടിസ്ഥാന സൗകര്യം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ കാലാവസ്ഥാ സൗഹൃദവും ഊർജ്ജ കാര്യക്ഷമവും ആക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേന്ദ്ര പൊതുമരാമത്തു വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സംഘത്തെ രാഷ്ട്രപതി ഭവനിൽ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു. നിർമ്മാണ മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ എഞ്ചിനീയർമാർ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നൂതന സമീപനം സ്വീകരിക്കേണ്ടി വരുമെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

*******************************************

## LETTER TO CJI

ജുഡീഷ്യറിയുടെ അഖണ്ഡത തകർക്കാൻ ശ്രമം നടക്കുന്നതായി ആരോപിച്ച് ഒരു കൂട്ടം അഭിഭാഷകർ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന് കത്തെഴുതി. ഹരീഷ് സാൽവെ, മനൻ കുമാർ മിശ്ര, പിങ്കി ആനന്ദ് തുടങ്ങിയ

പ്രമുഖ അഭിഭാഷകരാണ് കത്തയച്ചത്. ജുഡീഷ്യറിയെ സമ്മർദ്ദത്തിലാക്കാനും ജുഡീഷ്യൽ പ്രക്രിയയെ സ്വാധീനിക്കാനും കോടതികളെ അപകീർത്തിപ്പെടുത്താനും നിക്ഷിപ്ത താൽപര്യ സംഘം ശ്രമിക്കുന്നതായി അവർ കത്തിൽ ആരോപിച്ചു.

മറ്റുള്ളവരെ ഭീഷണിപ്പെടുത്തുന്നത് കോൺഗ്രസിൻറെ രീതിയാണെന്ന് അഭിഭാഷകരുടെ കത്തിനോടുള്ള പ്രതികരണമായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ നിയമസംവിധാനത്തെക്കുറിച്ച് പ്രധാനമന്ത്രി ഇത്തരം പരാമർശം നടത്തുന്നത് അനുചിതമാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ പ്രതികരിച്ചു.

**********************************************

## HEADLINE –2

## ELECTION – INTRO

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലേക്കുള്ള രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തിനുള്ള ആദ്യ ദിനമായ ഇന്നലെ കേരളത്തിൽ 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു.

വിശദാംശങ്ങളിലേയ്ക്ക്.....

**(വോയിസ്)**

കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. നാമനിർദ്ദേശ പത്രിക ഇന്നലെ മുതൽ സ്വീകരിച്ചു തുടങ്ങി.തിരുവനന്തപുരം 4, കൊല്ലം 3, മാവേലിക്കര 1, കോട്ടയം 1, എറണാകുളം 1, തൃശ്ശൂർ 1, കോഴിക്കോട് 1, കാസർഗോഡ് 2 എന്നിങ്ങനെയാണ് സംസ്ഥാനത്ത് ഇന്നലെ പത്രികാ

സമർപ്പണം നടന്നത്. ഏപ്രിൽ 4 വരെയാണ് പത്രിക സമർപ്പിക്കാം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 12 സംസ്ഥാനങ്ങളിൽ ഏപ്രിൽ 5 നും, ജമ്മു കശ്മീരിൽ ഏപ്രിൽ ആറിനും നടക്കും. വോട്ടെടുപ്പ് ഏപ്രിൽ 26 നാണ്. കേരളത്തിൽ 20 മണ്ഡലങ്ങൾക്ക് പുറമേ, കർണാടകയിൽ 14 ഇടത്തും, രാജസ്ഥാനിലെ 13 സീറ്റുകളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്. അതേസമയം ഒന്നാംഘട്ടത്തിൽ പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഏപ്രിൽ 19 നാണ് ഒന്നാംഘട്ട വോട്ടെടുപ്പ്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

*********************************************

## ELECTION – BIHAR

ഒന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ബിഹാറിലെ ഗയ, ഔറംഗാബാദ്, നവാഡ, ജുമി ലോക്സഭാ മണ്ഡലങ്ങളിൽ പത്രികാസമർപ്പണം ഇന്നലെ പൂർത്തിയായി. നാലിടത്തുമായി 110 പത്രികകൾ സമർപ്പിച്ചു. നാളെയാണ് സൂഷ്മപരിശോധന. അടുത്തമാസം രണ്ടുവരെ പത്രികകൾ പിൻവലിക്കാം.

*********************************************

## ELECTION – ASSAM

ഒന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന അസ്സമിലെ അഞ്ച് മണ്ഡലങ്ങളിലേക്ക് 36 സ്ഥാനാർഥികളുടെ പത്രികകൾ അംഗീകരിച്ചു. രണ്ടുപേരുടെ പത്രിക തള്ളി.

*********************************************

## MOBILE APPLICATION - EKM

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനത്തെ കുറിച്ച് അറിയിക്കുന്നതിനുള്ള സി-വിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഇതുവരെ എറണാകുളം ജില്ലയിൽ **3,962** പരാതികൾ ലഭിച്ചതായി അധികൃതർ പറഞ്ഞു. ഇതിൽ **3,916** എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചു എന്നും അവർ അറിയിച്ചു.

********************************************

## ELECTION OBSERVER - TVPM

പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ ചെലവ് നിരീക്ഷിക്കുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച നിരീക്ഷകർ തിരുവനന്തപുരം ജില്ലയിലെത്തി. ആറ്റിങ്ങൽ, തിരുവനന്തപുരം ലോക്സഭാ മണ്ഡലങ്ങളി ലേക്കായി രണ്ട് നിരീക്ഷകരാണുള്ളത്.

********************************************

## ANANDRAJ - KASARGOD

ലോകസഭാ തെരഞ്ഞെടുപ്പിൻറെ ഭാഗമായി ചെലവ് നിരീക്ഷകൻ ആനന്ദ് രാജ് കാസർഗോഡ് ജില്ലയിലെത്തി. കാസർകോട് പാർലമെൻറ് മണ്ഡലം വരണാധികാരി കെ. ഇമ്പശേഖർ കളക്ടറേറ്റിൽ നിരീക്ഷകനെ സ്വീകരിച്ചു. കളക്ടർ ഒബ്സർവറുമായി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു.

********************************************

## LAKSHADEEP - ELECTION

ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന ലക്ഷദ്വീപ് പാർലമെന്റ് മണ്ഡലത്തിൽ നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. റിട്ടേണിംങ്ങ് ഓഫീസർ കൂടിയായ കളക്ടർ അർജുൻ

മോഹൻറെ അദ്ധ്യക്ഷതയിൽ കവരത്തി സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സ്ഥാനാത്ഥികളും നിയമ വിദഗ്ധരും പങ്കെടുത്തു.

********************************************

## PATHANAMTHITTA –ELECTION – HOUSE

ലോക്സഭാ തിരഞ്ഞെടുപ്പിൽ 85 വയസിന് മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വീടുകളിൽ വോട്ട് രേഖപ്പെടുത്താനുള്ള നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. അസന്നിഹിത വോട്ടർമാർക്കുള്ള 12 ഡി അപേക്ഷാ ഫോം ബൂത്ത് ലെവൽ ഓഫീസർമാർ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ആരംഭിച്ചത്.

********************************************

## HEADLINE – 3

## GOVERNOR – SIDHARTH

പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി സിദ്ധാർത്ഥിൻറെ മരണം അന്വേഷിക്കാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ രണ്ടംഗ കമ്മീഷനെ നിയോഗിച്ചു. വിരമിച്ച ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ.ഹരിപ്രദാദിനാണ് നേതൃത്വം. വയനാട് സ്പെഷ്യൽ ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ട് വി.ജി. കുഞ്ഞനാണ് രണ്ടാമത്തെ അംഗം. മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണം.

********************************************

## HEADLINE – 5

## NIA ARREST

ബെംഗളൂരുവിലെ രാമേശ്വരം കഫേ സ്ഫോടനക്കേസിലെ മുഖ്യ സൂത്രധാരനെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു.

കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളിൽ NIA നടത്തിയ റെയ്ഡിനെ തുടർന്നാണ് അറസ്റ്റ്.

*********************************************

## HEADLINE – 4

## GOOD FRIDAY

കുരിശുമരണത്തിൻറെ ത്യാഗസ്മരണ ഉണർത്തുന്ന ദുഃഖവെള്ളി ഇന്ന്. പള്ളികളിൽ കുരിശിൻറെ വഴി പ്രയാണവും പ്രത്യേക പ്രാർഥനയും നടക്കുന്നു. സിറോ മലബാർ, ലത്തീൻ, സിറോ മലങ്കര സഭകൾ സംയുക്തമായി തിരുവനന്തപുരം നഗരത്തിൽ കുരിശിൻറെ വഴി പ്രയാണം ഇന്ന് രാവിലെ നടക്കും. ഉയിർപ്പുതിരുനാൾ ആഘോഷത്തിൻറെ ഭാഗമായി ശനി അർധരാത്രിയും ഞായർ രാവിലെയുമായി വിവിധ ചടങ്ങുകൾ നടക്കും. യേശുക്രിസ്തുവിൻറെ ശിഷ്യരുമൊത്തുള്ള അന്ത്യത്താഴത്തിൻറെ ഓർമ പുതുക്കി ഇന്നലെ ക്രൈസ്തവസമൂഹം പെസഹ ആചരിച്ചു. വിശുദ്ധവാരാചരണത്തിന്റെ ഭാഗമായി ഇന്നലെ പൂജപ്പുര സെൻട്രൽ ജയിലിൽ ക്രൈസ്തവ സംഘടനകളുടെ ആഭിമുഖ്യത്തിൽ ആദ്യമായി പെസഹ ശുശ്രൂഷ നടന്നു.

*********************************************

## HEADLINE – 6

## NT. IPL RESULT

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ജയം. ജയ്പൂരിലെ സവായ് മാൻസിങ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ 12 റൺസിനാണ് രാജസ്ഥാൻ പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത രാജസ്ഥാൻ 20 ഓവറിൽ അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 185

റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഡൽഹിക്ക് 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 173 റൺസ് നേടാനേ സാധിച്ചുള്ളൂ. രാജസ്ഥാനു വേണ്ടി റിയാൻ പരാഗ് 45 പന്തിൽ നിന്ന് 84 റൺസ് നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകിട്ട് 7.30ന് ബംഗളൂരുവിലെ എം ചിന്നസ്വമി സ്റ്റേഡിയത്തിലാണ് മത്സരം.

*********************************************

## REV. MUKHTAR ANSARI– DIED

നിരവധി ക്രിമിനൽകേസുകളിൽ ശിക്ഷിക്കപ്പെട്ട് യുപി ജയിലിൽ കഴിയുന്ന മുൻ എംഎൽഎ മുക്താർ അൻസാരി അന്തരിച്ചു. ഉത്തർപ്രദേശിലെ ബാംദ മെഡിക്കൽ കോളേജിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. ജില്ലാ ജയിലിലായിരുന്ന അൻസാരിയെ കുഴഞ്ഞു വീണതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. അൻസാരിയുടെ മരണത്തെ തുടർന്ന് യുപിയിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചു. 60ഓളം ക്രിമിനൽ കേസുകളിൽ പ്രതിയായിരുന്ന മുക്താർ അൻസാരി രണ്ട് തവണ സമാജ് വാദി പാർട്ടിക്കായി മത്സരിച്ചിട്ടുണ്ട്.

*********************************************

## PALESTINE– NEW GOVT

പലസ്തീനിൽ പുതിയ സർക്കാർ രൂപീകരണത്തിന് പ്രസിഡൻ്റ് മഹ്മൂദ് അബ്ബാസ് അംഗീകാരം നൽകി. വിദേശകാര്യ മന്ത്രിയുടെ ചുമതല കൂടി വഹിക്കുന്ന പ്രധാനമന്ത്രി മുഹമ്മദ് മുസ്തഫയുടെ നേതൃത്വത്തിലുള്ള 23 മന്ത്രിമാരടങ്ങുന്നതാണ് പുതിയ സർക്കാർ. ഗാസയിൽ ഉടനടി വെടിനിർത്തൽ നടപ്പാക്കുക, മേഖലയിൽ നിന്ന്

ഇസ്രായേലിന്റെ സമ്പൂർണ പിൻവാങ്ങൽ എന്നിവയാണ് രാജ്യത്തിന്റെ പ്രഥമ പരിഗണനയെന്ന് നിർദിഷ്ട പാലസ്തിൻ പ്രധാനമന്ത്രി, പ്രസിഡന്റ് അബ്ബാസിനെ അഭിസംബോധന ചെയ്തു സമർപ്പിച്ച കാബിനറ്റ് പ്രസ്താവനയിൽ പറയുന്നു. ഞായറാഴ്ച പുതിയ സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.

**********************************************

## RUSSIA VETOES UN

ഉത്തരകൊറിയയുടെ ആണവ പരിപാടിയ്ക്കെതിരായ യുഎൻ ഉപരോധത്തിന്റെ നിരീക്ഷണം സംബന്ധിച്ച പ്രമേയം പാസ്സാക്കുന്നത് റഷ്യ വീറ്റോ അധികാരം വിനിയോഗിച്ചു തടഞ്ഞു. 15 അംഗ കൗൺസിലിൽ 13 പേർ അനുകൂലിച്ച് വോട്ട് ചെയ്തെങ്കിലും റഷ്യ വീറ്റോ അധികാരം വിനിയോഗിച്ചതോടെ ഫലം ഇല്ലാതായി. ചൈന വോട്ടിങ്ങിൽ നിന്ന് വിട്ടു നിന്നു.

**********************************************

## DANIEL KANEMAN

സാമ്പത്തികശാസ്ത്ര നൊബേൽ ജേതാവായ ഡാനിയൽ കാനെമാൻ അന്തരിച്ചു. 90 വയസ്സായിരുന്നു. 2002-ൽ ആണ് അദ്ദേഹം നൊബേൽ നേടിയത്. ബിഹേവിയറൽ ഇക്കണോമിക്സ് എന്ന സാമൂഹ്യശാസ്ത്രശാഖയുടെ തുടക്കക്കാരിൽ ഒരാളാണ്. ചിന്താവൈകല്യങ്ങളെയും പ്രശ്നപരിഹാരത്തിന് തലച്ചോറ് സ്വീകരിക്കുന്ന എളുപ്പവഴികളെയും സംബന്ധിച്ച ധാരാളം പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തിയിട്ടുണ്ട്. 1934 മാർച്ചിൽ, ടെൽ അവീവിലാണ് ജനിച്ചത്.

**********************************************

## WEATHER - TODAY - KERALA

താപനില ഉയരുന്നതിനാൽ കേരളത്തിൽ ഇന്ന് 10 ജില്ലയിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. കൊല്ലം, തൃശൂർ,

പാലക്കാട് ജില്ലകളിൽ 39 ഡിഗ്രിവരെയും പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 38 ഡിഗ്രിവരെയും ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രിവരെയും തിരുവനന്തപുരത്ത് 36 ഡിഗ്രിവരെയും താപനില ഉയരാനാണ് സാധ്യത. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്.

************************************************

*********************************

*******************